# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2882 — 28/01/2014 ൽ മറുപടിക്ക്

**കൊയിലാണ്ടി, പയ്യോളി കീഴൂർ ഗവ. യു .പി.സ്കൂളിന്റെ അപ്ഗ്രഡേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയർത്തുന്നതിനായി പരിഗണിച്ചിരുന്ന കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ സ്കൂളുകൾ ഏതെല്ലാമായിരുന്നു എന്നതു വ്യക്തമാക്കുമോ ; | എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വൻമുഖം ജി.യു.പി. സ്കൂൾ, കീഴൂർ ജി. യു.പി. സ്കൂൾ എന്നീ രണ്ടു സ്കൂളുകളാണ് പരിഗണിച്ചിരുന്നത്. |
| ബി) കൊയിലാണ്ടിയിൽ പയ്യോളി പഞ്ചായത്തിൽപ്പെടുന്ന കീഴൂർ സർക്കാർ യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിന് ആർ.എം.എസ്.എ.യുടെ ആദ്യപട്ടികയിൽ പ്പെട്ടിരുന്നതും, എന്നാൽ അപ്ഗ്രഡേഷനായിവന്ന അന്തിമപട്ടികയിൽപ്പെടാതെ തഴയപ്പെട്ടതായുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളുകളിൽ കീഴൂർ ജി.യു.പി. സ്കൂൾ ഉൾപ്പെട്ടിട്ടില്ല. അപ്ഗ്രഡേഷൻ സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുന്നത് എം.എച്ച്. ആർ.ഡി. (കേന്ദ്ര സർക്കാർ) ആണ്. |
| സി) കീഴൂർ സർക്കാർ യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിനു ലഭിച്ച നിവേദനം പരിഗണിച്ചിട്ടുണ്ടോ ;<br>ഡി) സർക്കാർ ഹൈസ്കൂൾ ഇല്ലാത്ത പയ്യോളി പഞ്ചായത്തിൽ കീഴൂർ സർക്കാർ യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ? | സി) & ഡി) കീഴൂർ സർക്കാർ യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിനു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുന്നതിന് പ്രസ്തുത സ്കൂളിൽ നിലവിൽ എട്ടാം ക്ലാസ് ഉണ്ടായിരിക്കണം. ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുന്നതിന് മുന്നോടിയായി എട്ടാം ക്ലാസ് ആരംഭിക്കുവാൻ സ്കൂളുകൾ തെരഞ്ഞെടുക്കുന്ന അവസരത്തിൽ കീഴൂർ സ്കൂൾ ഉയർത്തുന്നതു സംബന്ധിച്ച നിവേദനങ്ങളും പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ